# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 10. ISSUE - 1. MARCH 2014.





# ജോഷി മാസ്റ്റർ

സ്കൂളുകളിലെ പാലിയേറ്റീവ് ക്ളബ്ബ് രൂപീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ ടൗൺ അതിർത്തിയിലുള്ള സ്കൂളുകളിൽ പോകുമ്പോൾ പൊതുവെ നല്ല സഹകരണവും പ്രതികരണവുമാണ് ഉണ്ടാകാറ്. ചിലയിടങ്ങളിൽ സന്നദ്ധപ്രവർത്തകരോടുള്ള സ്നേഹവും ആദരവും മനസ്സുനിറയ്ക്കുന്നതാണ്. അതിനുകാരണം ആ സ്ഥാപനത്തിന്റെ അമരക്കാരന്റെ മനസ്സാണ്. അത്തരം ഒരു സ്ഥാപനമാണ് പൂങ്കുന്നം ഗവ. ഹയർ സെക്കന്ററി സ്കൂളും പ്രിൻസിപ്പൽ ശ്രീ. ജോഷി മാസ്റ്ററും. നേരത്തെ തന്നെ മാഷെ പരിചയമുണ്ടായിരുന്നെങ്കിലും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായാണ് മാഷെ കൂടുതൽ അറിയാൻ കഴിഞ്ഞത്. സ്കൂൾ വിദ്യാഭ്യാസമെന്നത് പാഠഭാഗം പഠിക്കലും പഠിപ്പിക്കലും മാർക്കുവാങ്ങലും പലവിധ മത്സരങ്ങളും മാത്രമല്ല സമൂഹത്തിലെ നന്മകളെ, മൂല്യങ്ങളെ കുട്ടികളിൽ പകരലും ആണെന്ന് വിശ്വസിച്ച, അതിനുവേണ്ടി പ്രയത്നിച്ച ഒരു നല്ല അദ്ധ്യാപകനായിരുന്നു അദ്ദേഹം. സ്റ്റേറ്റ് യുവജനോത്സവത്തിന്റെ ഭാഗമായി നടന്ന ഘോഷയാത്രയിൽ സാന്ത്വനസംബന്ധിയായ float കളുടെ പ്രദർശനവും രോഗികളുടെ സംഗമങ്ങളിൽ പലതവണ ഭക്ഷണവും കലാപരിപാടികളുമായി എത്തിച്ചേർന്ന കുട്ടികളും ഇതിനു തെളിവാണ്. ഏറ്റവുമൊടുവിൽ ജനുവരി 15ന് പാലിയേറ്റീവ് ദിനത്തിൽ അസംബ്ളിയിൽ പാലിയേറ്റീവിനെ കുറിച്ച് സംസാരിച്ചതിനുശേഷം സാർ പറഞ്ഞത് കുറെ പ്രാവശ്യം കേൾക്കുമ്പോൾ രണ്ട്പേരെങ്കിലും വ്യത്യസ്തമായി ചിന്തിച്ചെങ്കിലോ എന്നായിരുന്നു. മറക്കാൻ കഴിയില്ല, ആ ഓർമ്മകൾക്കു മുമ്പിൽ നമസ്കാരം.

● **സി. വിജയലക്ഷ്മി**

നമ്മോടൊപ്പമുണ്ടായിരുന്ന ശ്രീമതി: അമ്മിണി (കാളിയമ്മ) എൺപത്തി ഒന്നാം വയസ്സിൽ, 2014 മാർച്ച് പതിനാലിന് നിര്യാതയായി. അമ്മയ്ക്ക് ആദരാഞ്ജലികൾ.



● **കുമാരൻ എം.കെ.**

# ഉപദേശം

ജീവിതമൊരു അലകടലാണു മകളെ
എന്ന് അച്ഛനൊരുനാൾ പറഞ്ഞു
നിലക്കാത്ത തിരമാലകൾ തീർത്ത്
ഒന്നിനുപുറകെ മറ്റൊന്നായി വീണ്ടും, വീണ്ടും
അശാന്തിയുടെ ചിറകിലേറി
തിര, ശാന്തി തീരങ്ങളെ തേടുന്നു
അടിയൊഴുക്കും, ഗർജ്ജനവുമായി
ചുഴികൾ തീർക്കുന്ന ജീവിതപാതയിൽ
ചതിക്കുഴികൾ നീയറിഞ്ഞീടേണം
വിളക്കത്തണയുന്ന ഈയ്യാംപാറ്റയാകരുത് നീ
ഓരോ ചുവടും മുന്നേറുമ്പോൾ ഓർക്കുക
മകളെ...... നീ വഞ്ചിതയാകരുതേ!
നിലാവ് കണ്ട് നീ മതി മറക്കരുത്
നിലാവ് മറഞ്ഞാൽ കൂരിരുട്ടാകും
പങ്കായമില്ലാത്ത തോണിയാണു ജീവിതം
നാമെല്ലാം അതിലെ യാത്രക്കാരും
പ്രതിസന്ധിതൻ തിരമാലകളെ വകഞ്ഞുമാറ്റി
ധീരമായി മുന്നേറുക ഈ ജീവിതയാത്രയിൽ.

*(ക്ളിനിക്കിൽ ചികിത്സയിലാണ് കുമാരൻ)*

# EDITORIAL

In a decision that would be a relief to lakhs of cancer patients in India, the Parliament passed a bill amending the Narcotics Drugs and Psychotropic Substances Act to allow morphine as a pain killer.

Morphine is one of the cheapest and best known pain relieving drugs and according to the World Health Organization, the "gold standard" for pain relief. Morphine is extracted from the dried latex of the poppy plant, which is commonly called as the opium. It works by attaching to specific proteins called opioid receptors found in brain and other parts of nervous system, blocking pain signals and promoting release of endorphins or the "feel good" factors.

According to the World Health Organization, in 2003, six developed countries accounted for 79% of global morphine consumption whereas it was a mere 6% in developing countries. But unlike many developing countries which must import morphine for pain treatment, India has been the leading producer of opium for several decades.

In November 1985, India enacted the Narcotics Drugs and Psychotropic Substances Act. The resulting set of procedures is complex, requiring up to 6 licenses for morphine, resulting in many hospitals simply stopping stocking morphine. Data from International Narcotics Control Board and the World Health Organization shows that medicinal use of morphine dropped by 97% in the country after the law was enacted. The fear of addiction has been cited as one of the leading concerns of the government in its hesitance to increased access to legal morphine.

Through Amendment of the Act, brought about through the pain staking efforts of Dr. M R Rajagopal and the Indian Association of Palliative Care, the hospitals will now be allowed to prescribe and supply morphine to patients by applying for a single permit. Now, the Drugs Controller is the sole licensing authority for this single window clearance.

Yours truly

**Kumudam Unni**


PAIN AND PALLIATIVE CARE SOCIETY

# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 10 • ISSUE-1 • MARCH-2014

Quarterly issue of Pain and Palliative Care Society, Thrissur
Reg. No. 591/97
Old District Hospital Building, Thrissur - 680 001

Redg. Off : "Manjith", Chembukkavu, Thrissur-680 020
ph : 0487 2322128
www.painandpalliativecarethrissur.org
email : ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur

Editor : Dr. Kumudam Unni

Managing Editor : Secretary, PPCS

Layout & Printed at : iMAC Creations, Thrissur



*This issue sponsored by*

**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR

## എന്റെ കാൻസർ കഥ 4

# സുഹൃത്തുക്കൾ + സഹോദരങ്ങൾ = എന്റെ ജീവിതം

**പ്രൊഫ: എൻ.എൻ. ഗോകുൽദാസ്**

**എ**ന്റെ ജീവിതത്തിൽ സുഹൃത്തുക്കളുടെ സ്വാധീനം ചെറുതല്ല. പണ്ഡിതന്മാർ, പ്രൊഫഷനലുകൾ, സാധാരണക്കാർ മുതൽ തെരുവിലെ സ്ത്രീകൾ വരെ എന്റെ സുഹൃദ് വലയത്തിൽ പെടുന്നു. എന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ അവർ എനിക്ക് സജീവ പിന്തുണ നല്കി. എന്റെ കയ്യിലെ ചെറിയ തുക തട്ടിപ്പറിയ്ക്കാൻ ഒരിക്കൽ ഒരാൾ മുതിർന്നപ്പോൾ ഞങ്ങളുടെ സാറാണ്. നീപോടാ എന്ന് ആട്ടിയോടിച്ചത് ഒരു ലൈംഗിക തൊഴിലാളിയായിരുന്നു! എനിയ്ക്ക് കാൻസറാണെന്നറിഞ്ഞപ്പോൾ അവർ ഫോണിൽ ബന്ധപ്പെട്ട് വലിയവരുടെ മക്കൾ പ്രസിദ്ധ ക്ഷേത്രങ്ങളിലും വലിയ ആപ്പീസുകളിലും എഴുത്തിനിരുന്നപ്പോൾ ഞങ്ങളുടെ മക്കൾ സാറിന്റെ മടിയിലിരുന്നു ഹരിശ്രീ കുറിച്ചു. സാറിനെ ഞങ്ങൾക്കു - പാപികൾക്ക് - ഇനിയും വേണം. ഞങ്ങൾ സാറിനെ കാണാൻ വരാത്തത് മറ്റുള്ളവർക്ക് എന്തുതോന്നും എന്ന് കരുതി മാത്രമാണ്. നിങ്ങൾ പാപികളല്ല എന്ന് ഞാൻ മറുപടി പറഞ്ഞു. അവരുടെ ആരോഗ്യാവസ്ഥയെക്കുറിച്ച് അന്വേഷിച്ചു.

**രണ്ട് സന്ദർശനങ്ങൾ**

ഫെബ്രുവരിയിൽ ഒരു ദിവസം. ഭാര്യയും മകനും തിരുവനന്തപുരത്ത് പോയിരിക്കുന്നു. രാവിലെ പത്രം വായിയ്ക്കുകയായിരുന്നു. അതിനിടയിലാണ് അബ്രഹാം കയറി വന്നത്. വാർധക്യം മൂലം കൂലിപ്പണിക്കാരനായ അബ്രഹാം ഇപ്പോൾ പണിയ്ക്കു പോകുന്നില്ല. ഇടയ്ക്ക് എന്നെ കണ്ടാൽ പത്ത് രൂപ ചോദിച്ച് വാങ്ങും. ഒരിക്കലും പണം തിരിച്ച് തരില്ല. പക്ഷേ, എന്നെ അബ്രഹാം വളരെ സ്നേഹിച്ചിരുന്നു. അയാൾ വീട്ടിൽ കയറി വന്നയുടൻ എന്നെ ആലിംഗനം ചെയ്തു. എന്റെ സാറിന് കാൻസറോ? അബ്രഹാം വിങ്ങിക്കരയാൻ തുടങ്ങി. കരച്ചിലടക്കാൻ ഞാനും ബുദ്ധിമുട്ടി. അബ്രഹാമിനെ മക്കളും മരുമക്കളും മത്സരിച്ച് ശുശ്രൂഷിയ്ക്കുന്നു. ജീവിത ക്ളേശങ്ങൾ ഒന്നുമില്ല. ഒരു മരുമകൾ പറഞ്ഞാണ് ഞാൻ രോഗിയാണെന്ന് അബ്രഹാം അറിഞ്ഞത്. അയാൾ ഒരു മെഴുകുതിരി പുറത്തെടുത്തു. ഞാൻ പള്ളീല് പോകുകയാണ്. ഈ മെഴുകുതിരി കത്തിത്തീരുന്നതുവരെ ഞാൻ സാറിനുവേണ്ടി പ്രാർത്ഥിക്കും. അബ്രഹാമിന്റേ കൈയിൽ ഒരു പൊതി ഉണ്ടായിരുന്നു. എന്റെ അടുത്തുവെച്ച പൊതി അബ്രഹാം പുറത്തെടുത്തു. അതിൽ ഒരു എയർ പില്ലോ ആയിരുന്നു. ഞാൻ മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കുമ്പോൾ മുട്ട് വേദനിയ്ക്കാതിരിക്കാൻ. അബ്രഹാം പുറത്തുപോയി. ഞാൻ തരിച്ചിരുന്നു പോയി.

മുന്ന്നാൾ കഴിഞ്ഞു. പതിവുപോലെ പത്രം വായിച്ചുകൊണ്ടിരിയ്ക്കുമ്പോഴാണ് ഒരു വൃദ്ധ കടന്നു വന്നത്. ഞാൻ മുന്നോട്ട് നടന്നു. അവർ വന്ന ഓട്ടോറിക്ഷ ഡ്രൈവർ അവരെ താങ്ങി നടന്നു. ചെറിയ കൂനുള്ള വൃദ്ധയാണ്. പാലിയേറ്റീവിലെ സാറല്ലേ? അതെ. പക്ഷേ ആശുപത്രി തൃശ്ശൂരിലാണ്. ഞാൻ ഡോക്ടറുമല്ല എന്ന് മറുപടി പറഞ്ഞു. പാലിയേറ്റിവ് സൊസൈറ്റിയിൽ കാൻസറുള്ള സാറിനെ കാണാൻ തന്നെയാണ് വന്നത്. എന്റെ പേരുപോലും അവർക്ക് അറിയില്ല. എന്റെ മകൻ കാൻസർ രോഗിയായിരുന്നു. രോഗം കൂടുതലായപ്പോൾ നാലുനാൾ പാലിയേറ്റീവ് വാർഡിൽ കിടന്നു. ഛർദ്ദിയും വയറുവേദനയും കുറഞ്ഞു. മലബന്ധവും ഇല്ലാതായി. അവനെ ചികിത്സിച്ചത് മുകളിലും താഴെയും എത്തുന്ന വെളുതത നിറമുള്ള ഒരു ഡോക്ടർ മോളായിരുന്നു. (ഡോ. സജിതയാണെന്ന് വ്യക്തം). പിന്നെ നിങ്ങളൊക്കെ ഏടത്തി (രാധേടത്തി) എന്നുവിളിയ്ക്കുന്നവരും നഴ്സ് കുട്ട്യോളും ഞങ്ങളെ സ്നേഹം കൊണ്ട് പൊതിഞ്ഞു. ഒരു നഴ്സ് കുട്ടി എന്റെ മോനെ അച്ഛാ എന്ന് വിളിച്ചു. അപ്പോൾ അവന്റെ കണ്ണ് നിറഞ്ഞു. അവന് രണ്ട് ആൺമക്കളാണേ! ഒരു മകൾ ഉണ്ടാകണമെന്ന് വലിയ മോഹായിരുന്നു.

എന്റെ വയ്യാത്ത മോനെ നിങ്ങൾ എടുത്ത് മുകളിൽ കയറ്റി. (അന്ന് ലിഫ്റ്റ് ഇല്ലായിരുന്നു എന്ന് വ്യക്തം). എല്ലുതേമാനം കാരണം എനിയ്ക്ക് കോണി കയറാൻ പ്രയാസമായി. മരുമോൾ സഹായിക്കാൻ വന്നപ്പോൾ ഒരു സാറ് അവളോട് മുകളിൽ പൊയ്ക്കൊളാൻ പറ

ഞ്ഞു. കഷണ്ടിയുള്ള മുണ്ടുമടക്കി കുത്തിയ ജുബ്ബ ധരിച്ച സാറ് രണ്ട് പ്ളാസ്റ്റിക് കസേരയെടുത്ത് ഒന്ന് മറ്റേതിനുള്ളിൽ വെച്ചു. എന്നോട് അമ്മ ഇവിടെ ഇരിയ്ക്കൂ എന്ന് പറഞ്ഞു. ആ സാറ് (ശിവദാസേട്ട നായിരിയ്ക്കണം) ഒരു വല്യേ ബാങ്കിലെ ആപ്പീസറാ യിരുന്നു എന്ന് ഞാൻ പിന്നീട് അറിഞ്ഞു. ആ സാറ് മറ്റ് രണ്ടു പേരെയും കൂട്ടി എന്നെ മുകളിൽ കയറ്റി. നാലുദിവസവും മോനെ കുളിപ്പിയ്ക്കാൻ സാറമ്മാര് സഹായിച്ചു. നാല് ദിവസം കഴിഞ്ഞപ്പോൾ ഡോക്ടർ മോള് വീട്ടിൽ പോകാമെന്ന് പറഞ്ഞു. മരുന്നുകൾ കഴി ച്ചാൽ മതി; പ്രായസങ്ങളൊക്കെ കുറഞ്ഞു. നാലുദി വസം കൂടി വീട്ടിൽ കഴിഞ്ഞ എന്റെ മോൻ സമാധാ നത്തോടെ മരിച്ചു. മരിക്കണേന് മുമ്പ് പാലിയേറ്റീവ് സൊസൈറ്റിയിലെ എല്ലാരുടേം സ്നേഹം ഓർത്തു. ഇങ്ങനെയൊക്കെ ഞങ്ങളെ സഹായിച്ച പാലിയേറ്റീ വിലെ ഒരു സാറിന് കാൻസർ എന്നറിഞ്ഞപ്പോൾ എനിയ്ക്ക് സാറിനെ കാണാതെ വയ്യ എന്ന് പറഞ്ഞു. മക്കളുടെ കണ്ണുവെട്ടിച്ചാണ് പോന്നത്. ലാസറിന്റെ (ഓ ട്ടോ ഡ്രൈവർ) വണ്ടീല് പോകുന്നതറിഞ്ഞാൽ അവർ വഴക്കുപറയില്ല; ഇവൻ ഞാൻ പ്രസവിയ്ക്കാത്ത എന്റെ സ്വന്തം മകൻ തന്നെ. മരിച്ചിട്ടും ദൈവം വീണ്ടും ജീവൻ നല്കിയ ലാസർ! ഇവന്റെ കൂട്ടുകാ രനാണ് പാലിയേറ്റീവ് സൊസൈറ്റിയിലെ കാൻസറുള്ള സാറ് മണ്ണുത്തിയിലാണ് എന്ന് പറഞ്ഞത്. ഇനി പാലി യേറ്റീവിലെ ആർക്കും കാൻസർ വരില്ലാട്ടോ! ഈ അമ്മാമ്മ ഇനി മുതൽ അരമണിക്കൂർ കൂടുതൽ ദിവ സേന നിങ്ങൾക്കുവേണ്ടി പ്രാർത്ഥിയ്ക്കും. അമ്മാമ്മ തുടർന്നു; ഇനി സാറിനെ കാണാൻ ഈ അമ്മ വരില്ല. മക്കൾ സമ്മതിക്കില്ല. എനിയ്ക്ക് എല്ല് തേയ്മാനം കൂടു തലാണ്. വീണ് ഇടുപ്പെല്ല് ഒടിഞ്ഞാൽ കുഴപ്പാവൂലോ! സാറ് രണ്ട് പാത്രമെടുക്ക് ഞാൻ സാറിന് കഴിയ്ക്കാൻ കുറച്ച് ഓലൻ കൊണ്ട് വന്നിട്ടുണ്ട്. ഒരു പാത്രത്തി ലേത് ഐസുപെട്ടീല് (ഫ്രിഡ്ജ്) വെയ്ക്ക്. ഒരു പാത്ര ത്തിലുള്ളത് പുറത്ത് വച്ചോ ഉച്ചയ്ക്ക് കഴിയ്ക്കാം. എരിവ് ഇല്ലാത്ത കറിയാണ് നിങ്ങൾക്ക് നല്ലത്.

ഞാൻ ഓലൻ രുചിച്ചു, നല്ല രുചിയുണ്ട്. തൃശ്ശൂരിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിലുള്ളവരോടൊക്കെയുള്ള സ്നേഹം ഈ ഓലനിലുണ്ട് എന്ന് ഞാൻ ആ അമ്മയോട് പറ ഞ്ഞു. അവർ എന്നെ ആലിംഗനം ചെയ്തു. എന്റെ നെറുകയിൽ ചുംബിച്ചു. ഞാൻ ചുള്ളിക്കാടിന്റെ വരി കൾ ഓർത്തു. ഒന്നേ വരം തരികെനിയ്ക്ക് മൂർധാ വിൽ. ഒരു വീടാക്കടം പോൽ, ഒടുക്കത്തെ അത്താഴ മെന്നപോൽ.

മുത്തശ്ശിയെ മക്കൾ നല്ലവണ്ണം ശുശ്രൂഷിയ്ക്കു ന്നുണ്ട്. ദിവസേന കുളിപ്പിയ്ക്കും. വീൽ ചെയറിൽ പുറത്തുകൊണ്ടുപോകും. ശനിയാഴ്ചയും ഞായറാ ഴ്ചയും വൈകീട്ട് കുട്ടികൾക്ക് കഥ പറഞ്ഞുകൊടു ക്കും. അയൽപക്കത്തെ കുട്ടികളടക്കം പതിനഞ്ചുകു ട്ടികളുണ്ടാകും. മുത്തശ്ശിക്കഥ കേൾക്കാൻ. പഞ്ചത ന്ത്രം, ഈസോപ്പ് കഥകൾ, രാമായണം, മഹാഭാരതം, ബൈബിൾ കഥകൾ എന്നിവ അവർക്ക് നല്ല മലയാള ത്തിൽ പറഞ്ഞുകൊടുക്കും.

മുത്തശ്ശിയ്ക്ക് ഒരു സങ്കടമുണ്ട്. ലാസർ ഓട്ടോ കൂലി വാങ്ങില്ല. ലാസറാണ് മറുപടി പറഞ്ഞത്. ഞങ്ങ ളുടെ കുടുംബത്തിൽ എപ്പോൾ കാശിന് വിഷമം വന്നാലും ഈ അമ്മയും മരിച്ചുപോയ അവരുടെ ഭർത്താവ് കുഞ്ഞാപ്പേട്ടനും കയ്യയച്ച് സഹായിച്ചിട്ടു ണ്ട്. ഓട്ടോ വാങ്ങാനും സഹായിച്ചു. എല്ലാപണവും തിരിച്ച് കൊടുത്തിട്ടുണ്ട്. ഒരു ചില്ലിക്കാശ് പലിശ വാങ്ങി ച്ചില്ല. ശിവരാത്രി, ഓണം, വിഷു, തിരുവാതിര ദിവസ ങ്ങളിലാണ് ഓട്ടോ വിളിച്ച് അമ്പലത്തിൽ പോകുക. അതിന് കൂലി വാങ്ങിച്ചാൽ കർത്താവ് പൊറുക്കൂല. എന്റെ മക്കൾ പള്ളിക്കൂടത്തീന്ന് വന്നാൽ ചിലപ്പോൾ ഈ അമ്മ വിളിയ്ക്കും. എന്തെങ്കിലും പലഹാരം അവിടെ ഉണ്ടാക്കിയാൽ ഒരു പങ്ക് എന്റെ മക്കൾക്ക് കരുതിവെയ്ക്കും. അങ്ങനെയുള്ള ഈ അമ്മയിൽ നിന്ന് ഓട്ടോ കൂലി വാങ്ങാൻ മനസ്സ് സമ്മതിയ്ക്കില്ല. ലാസർ മുത്തശ്ശിയെ താങ്ങി ഓട്ടോയിൽ ഇരുത്തി. മുത്തശ്ശി അല്പം ഭസ്മമെടുത്ത് എന്റെ നെറ്റിയിൽ വരച്ചു. ഞാൻ നിറകണ്ണുകളോടെ വഴങ്ങി ക്കൊടുത്തു. ഓട്ടോ നീങ്ങിയപ്പോൾ മുത്തശ്ശി ഒരു കാര്യം കൂടി പറഞ്ഞു. ഈ അമ്മയ്ക്ക് പാലിയേറ്റീവിലെ കിടക്ക യിൽ കിടന്നു മരിയ്ക്കാനാണ് ഇഷ്ടം. എന്റെ പേര് അമ്മിണിയമ്മ. അവിടെയുള്ള എല്ലാരോടും എന്റെ സ്നേഹാന്വേഷണം പറയണം.

ഇങ്ങനെയുള്ള അനുഭവങ്ങൾ കൂടുതൽ വിവ രിയ്ക്കുന്നില്ല. പക്ഷേ ഞാൻ ഒറ്റയ്ക്കായിരുന്നപ്പോൾ ദിവസേന എനിയ്ക്ക് പ്രൊട്ടീൻ സമ്പന്നമായ വിഭവ ങ്ങൾ കൊണ്ടു വന്നു തന്ന എന്റെ സുഹൃത്തിന്റെ ഭാര്യയും പാലിയേറ്റീവ് കെയറിലെ സന്നദ്ധപ്രവർത്തക യുമായ വനിതയെ മറക്കാമോ? പാലിയേറ്റീവ് കെയ റിലെ സുഹൃത്തുക്കൾ പഴങ്ങളും പ്രൊട്ടീൻ സമ്പന്ന മായ വിഭവങ്ങളും എത്തിച്ചു തന്നു. ഔഷധം വാങ്ങുന്നതു മുതൽ റെയിൽവേ ടിക്കറ്റ് എടുക്കുന്ന തുവരെ എല്ലാകാര്യങ്ങളും അവർ ചെയ്തു തന്നു.

കീമോതെറാപി നടക്കുമ്പോൾ ഡോക്ടർ സുഹൃത്തുക്കൾ ധൈര്യം പകർന്നു. രണ്ട് വനിതാ ഡോക്ടർമാരും മറ്റൊരു സുഹൃത്തായ നഴ്സും എന്റെ സഹോദരങ്ങളുമായി മത്സരിച്ചത് എനിയ്ക്ക് എത്രയും നല്ല ആഹാരം എത്തിച്ചുതരാനായിരുന്നു. ഒരു വനിത ഡോക്ടർ ഒരിയ്ക്കൽ പ്രഭാതഭക്ഷണം

സ്പൂണിൽ എടുത്തുതന്നുപോലും സഹായിച്ചു. എന്റെ സഹോദരങ്ങളുടെ മക്കൾ എന്റെ ചർമ്മസംരക്ഷണം മുതൽ പോഷകാഹാര ലഭ്യത വരെയുള്ള കാ ര്യങ്ങളിൽ ജാഗ്രത പുലർത്തി.

ജനനീതി, സൊലെസ്, സുവിതം, ഹീമോഫീലിയ സൊസൈറ്റി എന്നീ പ്രസ്ഥാനങ്ങളിലെ സുഹൃത്തുക്കൾ സ്നേഹം കൊണ്ട് എന്നെ വീർപ്പുമുട്ടിച്ചു. ഞാൻ ഗുരുതുല്യനായി കണ്ട പണ്ഡിതനും മഹാനുമായ വ്യക്തിയുടെ ഭാര്യ എന്റെ സഹായിയായി ആശുപത്രിയിലോ വീട്ടിൽ തന്നെയോ വരാമെന്ന് പറഞ്ഞപ്പോൾ എന്റെ കണ്ണുനിറഞ്ഞു.

പാലിയേറ്റീവ് കെയർ സൊസൈറ്റി ഡ്രൈവർ സുഹൃത്ത് സ്വന്തം പിതാവിനെയെന്നപ്പോലെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് എന്നെ ആരും തിരക്കിൽ മുട്ടാതെ സംരക്ഷിച്ചു.

ഹീമോഫീലിയ സൊസൈറ്റിയിലെ സുഹൃത്ദമ്പതികൾക്കൊപ്പം എന്നെ കാണാൻ വന്ന ഡോ. നളിനി (റിട്ട.പ്രൊഫ., പീഡിയാടിക്സ്, ജിപ്മർ പോണ്ടിച്ചേരി) എന്നോട് പറഞ്ഞ വാക്കുകളോടെ ഉപസംഹരിയ്ക്കട്ടെ. എച്ച്.ഐ.വി, പാലിയേറ്റീവ് കെയർ, ഹീമോഫീലിയ, മനുഷ്യാവകാശം തുടങ്ങിയ മേഖലകളിൽ തുടർന്നും പ്രവർത്തിയ്ക്കണം. ദക്ഷിണേന്ത്യയിലെ ഹീമോഫിലിയ ചാപ്റ്ററുകളിൽ താങ്കൾക്കുവേണ്ടി പ്രാർത്ഥനായോഗങ്ങൾ പോലും നടന്നു, ധൈര്യം കൈവിടരുത്.

●

# വേർപാടിലെ പൊൻകിരണം

**ഡോ. സജിത ടി.എ.**

**ഈ** ആഴ്ച ഇൻപേഷ്യന്റ് യൂണിറ്റിൽ കുറച്ചധികം മരണങ്ങൾ ഉണ്ടായി. മരണങ്ങളേക്കാൾ മരണത്തോടടുത്തുള്ള ജീവിതങ്ങൾ കണ്ടു എന്ന് പറയുന്നതാവാം ശരി. രോഗനിർണ്ണയത്തിനും മരണത്തിനും ഇടയിലുള്ള ജീവിതമാണ് നാം കാണുന്നത്. രോഗിയെ ആദ്യം കാണുമ്പോൾ, അവരുടെ കൂടെയുള്ളവരുടെ ആശകളും ആശങ്കകളും കേൾക്കുമ്പോൾ, ചിലപ്പോൾ ഓർക്കുക അവരുടെ അവസാനങ്ങളായിരിക്കും. ചിലർ ചോദിക്കും – ഇനി എങ്ങനെയായിരിക്കും ജീവിതം. എന്തൊക്കെ ബുദ്ധിമുട്ടുകൾ ഉണ്ടാകാം. ഇനി എത്രനാൾ കൂടി. അറിയില്ല എന്ന മറുപടി അവരെ ആകുലതപ്പെടുത്താതിരിക്കാൻ മാത്രമല്ല അതുതന്നെയാണ് യാഥാർ ത്ഥ്യവും. ഇവിടെ വരുന്ന രോഗികൾ നമ്മളെ എങ്ങനെയായിരിക്കാം കരുതുന്നത്. അവരുടെ ജീവിതങ്ങൾ അറ്റംവരെ കൊണ്ടുപോകാൻ സഹായിക്കുന്നവരായോ അതോ അവരെ മരണത്തിലേക്ക് കൂട്ടുനില്ക്കുന്നവരായോ – രണ്ടിലേയും ശരികൾ ഇഴപിരിഞ്ഞ് നീണ്ട് പോകുന്നു.

മരണത്തിന് മുമ്പുള്ള അർദ്ധബോധാവസ്ഥയിലും വിളിക്കുമ്പോൾ ആ മുഖങ്ങളിൽ ചിലപ്പോൾ ഒരു ചിരി വിടരും. പറയാൻ ഒന്നുമില്ല, അവസാനം ഉറപ്പിച്ചു കഴിഞ്ഞു. എങ്കിലും ഭയാശങ്കകളും നിരാശകളും കാണിക്കാതെ കൂടെയുള്ളവർക്ക് ആശ്വാസവും നിർദ്ദേശവും കൊടുക്കാൻ നില്ക്കുമ്പോഴുള്ള മാനസികാവസ്ഥ. എന്തെങ്കിലും ചെയ്യാൻ വിട്ടുപോകുന്നുണ്ടോ എന്ന ആശങ്ക. മരണം സ്ഥിരീകരിച്ചു കഴിയുമ്പോഴുള്ള വികാരശൂന്യമായുള്ള ഏറ്റുപറച്ചിൽ. അതിനുപുറകെ കേൾക്കുന്ന വിങ്ങിപ്പൊട്ടലുകൾ.

മരണം എപ്പോഴായാലും ഒരു അത്ഭുതമാണ്, ഒരു പേടിയാണ്. ജീവിതത്തേക്കാൾ സുനിശ്ചിതവുമാണ്; നമ്മളും നമ്മുടെ ഉറ്റവരും ഒരിക്കൽ വേർപെടും എന്നുള്ള ഓർമ്മപ്പെടുത്തലാണ്

മരണാസന്നനെ ബുദ്ധിമുട്ടിക്കാതെ കൊണ്ടുപോകണേയെന്നു കരുതുന്ന നമ്മൾ, അതു സംഭവിച്ചു കഴിയുമ്പോൾ, ആകുലതപ്പെടുന്നത് അവരുടെ ഉറ്റവർ തനിച്ചായല്ലോ എന്നോർത്താണ്. ഒരു മരണക്കിടക്കയിൽ നിന്ന് അടുത്ത ജീവിതത്തിന്റെ അരികിലേക്കു ചെല്ലുമ്പോൾ അവരെ പോലെ തന്നെ നമ്മളും അസ്വസ്ഥരാകുന്നു.

ചില മുഖങ്ങൾ കുറച്ചുനാൾ കൂടി തങ്ങി നില്ക്കും. അമ്മിണിയമ്മ – കൊളോസ്റ്റമി ചെയ്യുന്നില്ലെന്ന് നിർബന്ധം പിടിച്ചപ്പോൾ പിന്നെ ചികിത്സ ഇവിടെ നിന്നായി. രണ്ടുവർഷത്തോളം അവർ ഇവിടെ വന്നു പോയിരുന്നു. നമ്മൾ പറയുന്നതിലും ചെയ്യുന്നതിലും പൂർണ്ണസമ്മതം. മുഖത്ത് സൗമ്യത ഒഴിഞ്ഞ് കണ്ടിട്ടില്ല. അവസ്ഥ മോശമാണ് എന്ന് പറയാൻ മക്കളെ വിളിപ്പിക്കുമ്പോൾ നമ്മുടെ മുഖങ്ങളും ഇരുളുന്നുണ്ടാകാം. അവർ നമ്മളെ ഇങ്ങോട്ട് ആശ്വസിപ്പിച്ച് തുടങ്ങി.

ഏകദേശം രണ്ട് മാസമായില്ല. നാരായണമേനോനെ പരിചയപ്പെട്ടിട്ട്. ശ്വസിക്കാൻ ബുദ്ധിമുട്ടുന്നതിനിടയിലും വാതോരാതെ സംസാരിക്കുമായിരുന്നു. ഇദ്ദേഹം മാത്രമല്ല, ഇദ്ദേഹത്തിന്റെ ഭാര്യയും ചെറിയ കുഞ്ഞുമെല്ലാം നമ്മുടെ അസ്വസ്ഥതകളാണ്. മുഖത്തും മനസ്സിലും നിറയെ നിരാശകളും സങ്കടങ്ങളും ബാക്കി വെച്ച പോയ ചന്ദ്രൻ, ഹോമിയോ ചികിത്സയിൽ പൂർണ്ണസുഖം പ്രാപിച്ചു വരുകയാണെന്നു വിശ്വസിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഗ്രേസിയുടെ ബന്ധുക്കൾ, അന്നനാളത്തിലെക്ക് ഇട്ടിരിക്കുന്ന ട്യൂബ് വരെ കാണാവുന്ന തരത്തിൽ കഴുത്തിൽ ആഴത്തിൽ കാർന്ന് നില്ക്കുന്ന മുറിവുകളുള്ള പ്രകാശൻ, തീരെ വയ്യാതെ ശ്വാസംമുട്ട് തടസ്സപ്പെടുത്തുന്നുണ്ടെങ്കിലും എനിക്ക് കുഴപ്പമില്ല എന്ന് പയറുന്ന സംഗീത.

രോഗിയുടെ ഓരോ വരവും ഒരു പ്രതീക്ഷയാണ്. വിഷമപ്പെടുന്ന ഇപ്പോഴത്തെ അവസ്ഥയ്ക്ക് ആശ്വാസം കിട്ടും എന്ന പ്രതീക്ഷ. ആശ്വാസം കിട്ടി തിരിച്ച് വീട്ടിലേക്ക് പറഞ്ഞയക്കുമ്പോൾ ഈ പ്രതീക്ഷയും വിശ്വാസവും കൂടുന്നു. അടുത്ത വരവ് ഇതിലും ബുദ്ധിമുട്ടിലാവും. പക്ഷേ പ്രതീക്ഷ ആദ്യത്തെതിനേക്കാൾ കൂടുതലായിരിക്കും – ഇതൊരു സമ്മർദ്ദമാണ്. രോഗിക്കും ബന്ധുക്കൾക്കും നമ്മൾക്കും.

അടുക്കരുതെന്ന് പല പ്രാവശ്യം വിലക്കിയാലും ഇവരെല്ലാം നമ്മുടെ ആരോ ആയിത്തീരുന്നുണ്ട്. ഇവരും നമ്മിലേക്ക് അലിയുന്നുണ്ട്. ഇവരിലൂടെ നമ്മളും കണ്ടെത്തുന്നുണ്ട്. ഇവരോട് അടുക്കുമ്പോൾ തന്നെ നമ്മുടെ ഉറ്റവരോട് അകലാനും നാം ശ്രമിക്കുന്നുണ്ട്. ബന്ധങ്ങളുടെ നൈമിഷികത മനസ്സിലാക്കുന്നു. ചിരിച്ചുകൊണ്ട് വിലക്കാനും കരഞ്ഞുകൊണ്ട് അടുക്കാനും നമ്മൾ തുനിയുന്നു.

രോഗത്തിന്റെയും മരണത്തിന്റെയും ചില വശങ്ങൾ നമ്മൾ കൂടുതലായി കാണുന്നു. സങ്കടം, ഏകുന്തത, കുറ്റപ്പെടുത്തൽ, ദാരിദ്ര്യം – എന്നാൽ ഇതിനപ്പുറമുള്ള ഒരു വശത്തേക്ക് തീരെ കണ്ണടച്ചു പോകുന്നു. മരണത്തിലൂടെ ജീവിതത്തെ കണ്ടെത്താനുള്ള ഒരു ശ്രമം. തുടക്കത്തിൽ നിന്നും തിരിച്ച്, ജീവിതത്തിലൂടെ ചലിച്ച്, ഒടുക്കം തുടക്കത്തിൽ തന്നെ എത്തിച്ചേരാനുള്ളതാണ് ഈ യാത്ര. ഈ യാത്രയിലെ ഒരു തുടർരേഖയാണ് മരണം, ഒരു പൂർണ്ണവിരാമമല്ല. പക്ഷേ, എത്ര ശ്രമിച്ചാലും ഈ സത്യത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ ആകുന്നില്ല. ഈ മരണങ്ങളെങ്കിലും നമ്മെ സഹായിക്കട്ടെ. നന്നായി മരിക്കാൻ തയ്യാറെടുത്തു സമാധാനത്തോടെ യാത്ര പറഞ്ഞു പിരിയാൻ ഇവരോടുകൂടെ നമ്മൾക്കും സാധിക്കണം. എപ്പോൾ മരിക്കുന്നു എന്നതിനേക്കാൾ എങ്ങനെ മരിക്കണം എന്ന് തീരുമാനിക്കാനെങ്കിലും നമ്മൾക്കു കഴിയണം. അതിനായി വേർപാടിന്റെ ഇരുട്ടിൽ നില്ക്കുമ്പോഴും പ്രകാശത്തിന്റെ ഒരു പൊൻകിരണം കൂടി കണ്ടെത്താം.

●

# ഐ.എ.പി.സി. അന്തർദേശീയ സമ്മേളനം

ഡാളി തോമസ്

ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയറിന്റെ 21-ാമത്തെ ഇന്റർ നാഷണൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിനായി തൃശ്ശൂരിൽ നിന്നും 7 ഡോക്ടർമാരും 7 സന്നദ്ധസേവകരും അടങ്ങുന്ന ഒരു ടീമാണ് 13.02.2014 ന് രാവിലെ പുറപ്പെട്ടത്. ഏകദേശം വൈകീട്ട് 7.30 ന് ഭൂവനേശ്വർ വിമാനത്താവളത്തിലെത്തി. കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ ടെക്നോളജി യൂണിവേഴ്സിറ്റിയുടെ കൺവെൻഷൻ സെന്ററിലായിരുന്നു സമ്മേളനം. ആദ്യദിവസം പേര് രജിസ്റ്റർ ചെയ്യലും മറ്റുമായി നല്ല തിരക്കായിരുന്നു. എ, ബി, സി എന്നീ മൂന്ന് ഹാളുകളിലായിരുന്നു ചർച്ചാസമ്മേളനങ്ങൾ നടന്നിരുന്നത്. സാന്ത്വന പരിചരണത്തിൽ പുന:രധിവാസത്തിന്റെ പ്രാധാന്യം എന്താണെന്നും, ഓക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ റോളിനെക്കുറിച്ചും ഓരോ ക്ലാസ്സുകൾ ഉണ്ടായിരുന്നു. രോഗികളുടെ, അവശേഷിയ്ക്കുന്ന കാലത്തെ ജീവിത നിലവാരം ഉയർത്തുന്നതാണ് റീഹാബിലിറ്റേഷൻ കൊണ്ട് ഉദ്ദേശിയ്ക്കുന്നതെന്നും, സാന്ത്വന പരിചരണത്തിൽ, വിജയത്തിന്റെ പ്രധാന താക്കോൽ ടീം വർക്കാണെന്നും പറഞ്ഞു. Making a patient into a person again. Someone who feels not only wanted and respected, but once again useful and creative. എന്നാണ് റീഹാബിലിറ്റേഷനെപറ്റി നിർവ്വഹിച്ചിരിക്കുന്നത്. ജർമ്മിനിയിലെ Dr. John Becker Ebel ന്റെ സാന്ത്വന പരിചരണ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ക്ലാസ്സ് വളരെ നന്നായിരുന്നു. സാന്ത്വന പരിചരണത്തിൽ, മ്യൂസിക് തെറാപ്പിയ്ക്കുള്ള സ്ഥാനം വിശദീകരിച്ചുകൊണ്ടുള്ള ക്ലാസ്സ് നയിച്ചത് ബെർലിനിൽ നിന്നും വന്നിരുന്ന Dr. Med Cordula യായിരുന്നു. Where words fail music speaks. എന്നാണ് അവർ അവരുടെ അനുഭവങ്ങളിൽ നിന്നും വിശദമാക്കിയത്. മോർഫിൻ മാത്രമല്ല വേദനാ സംഹാരി എന്ന് കൂടി അവർ കൂട്ടിച്ചേർത്തു. വളരെ ശ്രദ്ധാവഹമായിരുന്നു അവരുടെ ക്ലാസ്സ്.

ലണ്ടനിൽ നിന്നും വന്നിരുന്ന Dr. Stephen R. Cornor ഗാന്ധിജിയുടെ താഴെ പറയുന്ന വാചകം ഉദ്ധരിച്ചുകൊണ്ടായിരുന്നു ഉച്ചയ്ക്കുശേഷം ക്ലാസ്സ് ആരംഭിച്ചത്. Be the change that you wish to see in the world. കാൻസർ വേദനയ്ക്ക് മോർഫിൻ നല്കുന്നതിനെ സംബന്ധിച്ച് ബാംഗ്ളൂർ Kidwai Institute ലെ ഡോ. സരസ്വതി ദേവിയുടെ ക്ലാസ്സും, പിന്നീട് എല്ലിലെ വേദനയെ സംബന്ധിച്ച് ഡോ. ഗീത ജോഷിയുടെ ക്ലാസ്സും ഉണ്ടായിരുന്നു. അതിനുശേഷമായിരുന്നു ജയ്പൂർ മഹാവീർ കാൻസർ സെന്ററിലെ ഡോ. അജും ജോദിന്റെ ക്ലാസ്സ്. കാൻസർ രോഗികൾ ന്യൂറോപതിക് പെയിൻ മാനേജ് ചെയ്യുന്നതിനെ സംബന്ധിച്ചായിരുന്നു. ചെറിയ കുട്ടികൾക്ക് വിശദമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നതു പോലെയുള്ള ഡോക്ടറുടെ ക്ലാസ്സ് വളരെ വിലപ്പെട്ടതായിരുന്നു.

ശനിയാഴ്ച മൂന്ന് ഹാളുകളിലും മാറിമാറി ചെന്ന് അവരവർക്കിഷ്ടപ്പെട്ട ക്ളാസ്സുകൾ ശ്രവിച്ചു. കോഴിക്കോട് നിന്നുള്ള ഡോ. സുരേഷ്കുമാർ സാന്ത്വന പരിചരണത്തിൽ എൻ.ആർ.എച്ച്.എം.ന്റെ പങ്കാളിത്തത്തെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കി. പൂന സിപ്ള പാലിയേറ്റീവ് കെയറിലെ ഡോ. പ്രിയദർശിനി തുടർച്ചയായി ഹൃദ്രോഗമുള്ളവർക്ക് പാലിയേറ്റീവ് കെയർ ആവശ്യമാണെന്ന ക്ളാസ്സായിരുന്നു എടുത്തത്. Adoption of palliative care can be a ray of hope to the patients. എന്നാണ് അവർ പറഞ്ഞത്.

വൈകീട്ട് 3.30 കഴിഞ്ഞപ്പോൾ ഡോക്ടർമാർ എല്ലാവരും ജനറൽ ബോഡി മിറ്റിങ്ങിനുപോയി. അവിടെ ബാക്കിയുണ്ടായിരുന്ന സന്നദ്ധപ്രവർത്തകരെ KIIT യൂണിവേഴ്സിറ്റി കാമ്പസ് കാണിക്കുന്നതിനായി ബസ്സുകളിൽ കൊണ്ടുപോയി. ഏതാണ്ട് 400 ഹെക്ടർ സ്ഥലത്ത് പരന്നു കിടക്കുന്നതാണ് KIIT യൂണിവേഴ്സിറ്റി. ഇതിനുകീഴിൽ കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്, കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ ടെക്നോളജി, കലിംഗ സ്കൂൾ ഓഫ് മാനേജ്മെന്റ്, കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ്, കലിംഗ ഇന്റർ നാഷണൽ സ്കൂൾ തുടങ്ങി ഒട്ടനവധി സ്ഥാപനങ്ങളുണ്ട്. ബസ്സിൽ ഇരുന്ന് ഞങ്ങൾ എല്ലായിടവും ചുറ്റിക്കണ്ടു. KISS ൽ മാത്രം ഇറങ്ങി. അവിടമാകെ നടന്നു കണ്ടു. നമുക്ക് വിശ്വസിക്കാൻ പറ്റാത്ത ഒരു സ്ഥാപനമാണത്. 20000 ഗോത്രവർഗ്ഗകുട്ടികളെ ദത്തെടുത്ത്, എൽ.കെ.ജി മുതൽ പി.ജി വരെ ഇവിടെ സൗജന്യമായി പഠിപ്പിയ്ക്കുന്നു. പഠനത്തോടൊപ്പം കുട്ടികൾക്ക് ആവശ്യമായ കൈത്തൊഴിലുകളും ഇവിടെ പരിശീലിപ്പിയ്ക്കുന്നു. 10000 പെൺകുട്ടികളും 10000 ആൺകുട്ടികളും ഇവിടെ പഠിയ്ക്കുന്നുണ്ട്. ഒറീസ്സയിൽ നിന്നുള്ള കുട്ടികൾ മാത്രമല്ല അയൽ സംസ്ഥാനങ്ങളിലെ ട്രൈബൽ കുട്ടികളും ഇവിടെ പഠിയ്ക്കുന്നുണ്ട്. 10000 പെൺകുട്ടികളെ നോക്കുന്ന ഹെഡ്മേട്രനുമായി സംസാരിച്ചു. ഇത്രയധികം കുട്ടികൾക്കുവേണ്ട ഭക്ഷണവും, വസ്ത്രവും, താമസസ്ഥലവും, ചികിത്സാചെലവും, ജീവനക്കാരുടെ ചെലവും എല്ലാം കൂടി കണക്കുകൂട്ടിയപ്പോൾ ഞങ്ങൾക്കതിശയമായി. KIIT യുടേയും KISS ന്റെയും സ്ഥാപകനായ ശ്രീ. അച്ചുത സാമന്തയെ മനസ്സുകൊണ്ട് നമിച്ചു പോയി. ഇതുപോലൊരു സംരംഭം തുടങ്ങാൻ അദ്ദേഹം എന്തുമാത്രം പ്രയത്നിച്ചിട്ടുണ്ടാകുമെന്നോർത്തപ്പോൾ സന്തോഷം തോന്നി. ഒറീസ്സയെ ദാരിദ്ര്യത്തിൽ നിന്നും അസമത്വത്തിൽ നിന്നും രക്ഷിയ്ക്കാൻ ഈ കുട്ടികൾ എല്ലാവരും പഠിച്ച് ഉയർന്ന സ്ഥാനമാനങ്ങളിലെത്തട്ടെ എന്ന് ഉള്ളാൽ പ്രാർത്ഥിച്ചു.

6 മണി മുതല്ക്കാണ് ഡെലിഗേറ്റ്സിന്റെ കലാപ്രകടനങ്ങൾ, ബാംഗ്ളൂർ സെന്റ് ജോൺസ് ആശുപത്രിയിലെ ഡോ. ശോഭ നായരുടേയും, ഭുവനേശ്വർ AIIMS ലെ ഡോ. കനിഷ്ക ദാസിന്റെയും, ഡോ. നന്ദിനിയുടേയും ഭരതനാട്യവും, ഒഡീസി നൃത്തവും കണ്ണിന് നല്ലൊരു വിരുന്നായിരുന്നു. KISS ലെ ട്രൈബൽ കുട്ടികളുടെ ഡാൻസ് കണ്ട് തരിച്ചിരുന്നുപോയി. ഇത്ര മെയ് വഴക്കത്തോടെ, ഒരു പോലെ, ധൃതഗതിയിലുള്ള അവരുടെ അംഗചലനങ്ങൾ കണ്ണിൽ ഇപ്പോഴും മായാതെ നില്ക്കുകയാണ്.

പരിപാടിയിലെ അവസാന ഇനമായിരുന്നു നമ്മുടെ മിശ്രിത ഗാനങ്ങൾ. കേരളം, കേരളം എന്നു തുടങ്ങുന്ന ഗാനത്തോടെയാണ് ഞങ്ങൾ ആരംഭിച്ചത്. ഇടയിൽ തമിഴും, ഹിന്ദിയും, ഓറിയയും, സിംഹളയും പാട്ടുകൾ പാടിയത് ഏവരേയും സന്തോഷിപ്പിച്ചു. ഞങ്ങളുടെ ഗാനാലാപനം കഴിഞ്ഞപ്പോൾ സമ്മേളനത്തിന്റെ ആസൂത്രകന്മാരിൽ ഒരാളായ പ്രൊഫ. സുഖ്ദേവ് നായക് പൂച്ചെണ്ട് നല്കി ഞങ്ങളെ ആദരിച്ചു.

ഞായറാഴ്ചയാണ് സമ്മേളനത്തിന്റെ അവസാന ദിനം. നമ്മുടെ ദിവാകരൻ സാറിന്റെ who can give care to care givers എന്ന വിഷയത്തിന്റെ അവതരണം ഞായറാഴ്ചയായിരുന്നു. സാറത് വളരെ നന്നായി അവതരിപ്പിച്ചു. നമ്മുടെ ക്ളിനിക്കിൽ നടത്തുന്ന സോപ്പുനിർമ്മാണവും മറ്റും ഒറീസ്സയിലിരുന്ന് കണ്ടപ്പോൾ അഭിമാനം തോന്നി.

ചൊവ്വാഴ്ച രാവിലെ 7 മണിയ്ക്ക് ഞങ്ങൾ ഭുവനേശ്വറിനോട് വിട പറഞ്ഞു. ഈ യാത്രയിൽ ഡോക്ടർമാരെന്നോ, സന്നദ്ധ സേവകരെന്നോ വ്യത്യാസമില്ലാതെ പ്രായഭേദമെന്യേ, എല്ലാവരും നന്നായി അടിച്ചുപൊളിച്ചു. ഓരോരുത്തർക്കും ഈ യാത്ര കഴിഞ്ഞപ്പോൾ 10 വയസ്സ് കുറഞ്ഞതുപോലെ. ഇനി ഇതുപോലൊരു യാത്രയ്ക്ക് ഒരു വർഷം കാത്തിരിയ്ക്കണമല്ലോ എന്ന ദു:ഖസത്യം എല്ലാവരേയും വല്ലാതെ അലട്ടി. കണ്ണടച്ച് തുറന്നപ്പോഴേയ്ക്കും 6 ദിവസം കഴിഞ്ഞതുപോലെ.

●

# ആത്മഹത്യകൾക്ക് തടയിടാൻ

**ഡോ. അചൽ ഭഗത്ത്**

(ഡോ. അചൽ ഭഗത്ത്: വിവിധ അപ്പോളോ ആശുപത്രികളിലെ സീനിയർ കൺസൽട്ടന്റ് സൈക്കോ തെറാപിസ്റ്റ്, സാർത്ഥക് എന്ന സർക്കാരിതര മാനസികാരൊഗ്യ സംഘടനയുടെ ചെയർമാൻ എന്നീ പദവികൾ വഹിയ്ക്കുന്നു).

ആത്മഹത്യാനിരക്ക് സംബന്ധിച്ച ഇന്ത്യൻ യാഥാർത്ഥ്യം അത്യന്തം ഭീതിദമാണ്. 2010 ൽ മാത്രം ഇവിടെ 187000 പേർ സ്വയം ജീവനൊടുക്കിയത്രെ. ആത്മഹത്യകൾ, പ്രമുഖരുടേതല്ലെങ്കിൽ, സമൂഹമനസ്സിൽ ഒരാഘാതവും ഏല്പിയ്ക്കുന്നില്ല. 15 വയസ്സോ അതിലധികമോ പ്രായമുള്ളവരിൽ ഒരു ലക്ഷത്തിൽ 17.5 സ്ത്രീകളും 26.3 പുരുഷന്മാരും ഇങ്ങനെ മരിയ്ക്കുന്നു എന്ന് ദ ലാൻസെറ്റ് എന്ന മെഡിക്കൽ പ്രസിദ്ധീകരണം കണ്ടെത്തുന്നു. എച്ച്.ഐ.വി / എയ്ഡ്സ്, അർബ്ബുദം, ഹ,ദ്രോഹം തുടങ്ങിയ വമ്പൻ രോഗങ്ങൾ കൊണ്ട് മരിയ്ക്കുന്നതിനേക്കാൾ അധികമാണിത്. ഇക്കണക്കിൽ ലോകരാഷ്ട്രങ്ങളിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമുണ്ട്. മാനസികാരോഗ്യ പരിരക്ഷ ലഭിയ്ക്കേണ്ട 90% പേർക്കും അതു കിട്ടുന്നില്ലെന്ന് സാരം. ഇതൊക്കെ നേരിടാൻ പര്യാപ്തമായ ഒരു മാനസികാരോഗ്യനയമോ മാനസികാരൊഗ്യ വിദഗ്ദ്ധരുടെ സംഘമോ നമുക്കില്ല. ആത്മഹത്യ ഒരു വ്യക്തിയുടെ മാനസികാരോഗ്യ പ്രശ്നം മാത്രമല്ല. അതിനൊരു സാമൂഹ്യപശ്ചാത്തലം കൂടിയുണ്ട്. ഒരു സംക്രമണാവസ്ഥയിലുള്ള നമ്മുടെ സമൂഹം ഹിംസയും അക്രമവും വിവേചനവും അസഹിഷ്ണുതയും നടമാടുന്നതാണ്. ആബാലവൃദ്ധം മനുഷ്യരും ധർമ്മച്യുതിയുടെ പിടിയിലാണ്. പരസ്പരവിശ്വാസമോ പരിഗണനയോ ഇല്ലാത്ത കരാറുകളാണ് ബന്ധങ്ങൾ. ഇത് നിസ്സഹായതയും നിരാശയും ജനിപ്പിക്കുന്നു. എന്നിട്ടും ആത്മഹത്യാശ്രമം ക്രിമിനൽ കുറ്റമാണ് നമ്മുടെ നിയമാവലിയിൽ!

ഇത്തരമൊരവസ്ഥയിൽ, ആത്മഹത്യയ്ക്കൊരുങ്ങുന്ന ഒരു വ്യക്തിയെ അതിൽ നിന്ന് പിന്തിരിപ്പിയ്ക്കാൻ സാദ്ധ്യമാണോ. എങ്കിൽ എങ്ങനെ എന്നതാണ് പ്രശ്നം. തീർച്ചയായും സാദ്ധ്യമാണ്. പുതിയൊരു നയരൂപീകരണത്തിനോ, നിയമനിർവ്വാണത്തിനോ കാത്തുനില്ക്കാതെ മാനസിക പ്രശ്നങ്ങളുള്ളവരെ സഹായിയ്ക്കാൻ നമുക്കാവും. ആദ്യമായി അവരുമായി പാരസ്പര്യമുള്ള സംവാദത്തിടമുള്ള ഒരു ബന്ധം സൃഷ്ടിയ്ക്കുക. അവർക്ക് പറയാനുള്ളത് കേൾക്കുക; കേൾക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുക. ഏകപക്ഷീയമായ വിധിപ്രസ്താവങ്ങളോ ഉപദേശങ്ങളോ അരുത്. അവരുടെ വിഷാദത്തിന്റേയും നിരാശയുടേയും വെളിപ്പെടുത്തലുകളെ ഗൗരവത്തിലെടുക്കുക. അവർക്ക് ജീവിതാഭിമുഖ്യം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ, ജീവിതത്തിൽ നിന്ന് പിൻവലിയൽത്വര കാണിയ്ക്കുന്നുണ്ടെങ്കിൽ തിരിച്ചറിയുക; അവർ വിഷാദരോഗികളാണ്. തക്കസമയത്തെ ചികിത്സകൊണ്ട് ആത്മഹത്യ തടയാം. എല്ലാം ശരിയാകും എന്ന വെറും വാക്കുകളല്ല ആവശ്യം. ആത്മഹത്യയ്ക്ക് അവർ മുമ്പേ ശ്രമിച്ചിട്ടുണ്ടോ എന്നറിയണം. അത് ആവർത്തിച്ചേയ്ക്കാം. ലഹരി ഉപയോഗിക്കുന്നവരാണെങ്കിൽ പ്രത്യേകിച്ചും. അയാളിൽ കുറ്റബോധം സൃഷ്ടിയ്ക്കരുത്. നിങ്ങൾ രക്ഷാധികാരി ചമയുകയുമരുത്. അയാളുടെ കൂടെ നില്ക്കുക. നിങ്ങളുടെ നിശ്ശബ്ദത പോലും ഫലം ചെയ്തേക്കും. സഹായിയ്ക്കാൻ തയ്യാറുള്ള മറ്റുള്ളവരുടെ സഹായവും നേടാം. പല നഗരത്തിലും ടെലിഫോൺ മുഖേന സഹായിയ്ക്കുന്ന സന്നദ്ധ സംഘടനളുണ്ട്. മന:ശാസ്ത്രവിദഗ്ദ്ധരേയും മനോരോഗചികിത്സകരേയും സമീപിയ്ക്കാം. പോലീസിന്റേപോലും സേവനം ഉപയോഗിയ്ക്കാം.

ആത്മഹത്യ പ്രവണതകളെ ത്വരിതപ്പെടുത്തുന്ന ചില സാമൂഹ്യ മന:ശാസ്ത്രഘടനകളുണ്ട്. ദാരിദ്ര്യം, കടകെണി, രോഗം, തൊഴിലില്ലായ്മ, പരിരക്ഷകളിലെ പരാജയം, വ്യക്തിബന്ധങ്ങളിലെ ഇളക്കങ്ങൾ, ലഹരിവസ്തുക്കളുടെയും മയക്കുമരുന്നുകളുടെയും ഉപയോഗം തുടങ്ങിയവ. ചിലരിൽ വിഷാദം, സ്ക്കിസൊഫ്രെനിയ മുതലായവ വ്യക്തിത്വത്തിന്റെ അംശങ്ങളായിട്ടുണ്ടാകും. പലരും ഒരു പ്രതിസന്ധി മറികടക്കാനാവാതെ വൈകാരികമായ ആവേശത്താൽ ആത്മഹത്യചെയ്യുന്നവരാണ്. മറ്റുചിലർ ദീർഘകാലം ആലോചിച്ച് തയ്യാറെടുത്താണ് തീരുമാനം നടപ്പിലാക്കുക.

ആത്മഹത്യയിൽ അഭയം കാണുന്നവർ ഓർക്കുക: എത്രയോ പേർ ഇത്തരം സന്ദർഭങ്ങളിൽ ഒരു പുനർചിന്തകൊണ്ടോ മറ്റൊരാളുടെ / കേന്ദ്രത്തിന്റെ ഇടപെടൽ കൊണ്ടോ ഈ അപകട മുനമ്പിൽ നിന്ന് മാറിപ്പോയിട്ടുണ്ട്. സ്വയം ഹത്യാപ്രേരണയെ അതിജീവിച്ചിട്ടുണ്ട്. തീർച്ചയായും നിങ്ങൾക്കും അതിന് കഴിയും. ജീവിയ്ക്കുക നിങ്ങളുടെ അവകാശമാണ്. സന്ദിഗ്ധാവസ്ഥകളിൽ സ്വയം ഒരു തീരുമാനത്തിലെത്താതിരിയ്ക്കുക. ഒരു സുഹൃത്തുമായി ബന്ധപ്പെടുക. ദീർഘകാലത്തേയ്ക്കല്ല; അടുത്ത ഒരു മണിക്കൂറിലേയ്ക്ക് അല്ലെങ്കിൽ ഒരു ദിവസത്തെയ്ക്കുമാത്രമുള്ള തയ്യാറെടുപ്പുകൾ നടത്തുക. അത് നിങ്ങൾക്കൊരു ചെറിയ ഇടവേള നല്കും. വേണമെങ്കിൽ പ്രൊഫഷനൽ സഹായം തേടാമല്ലൊ.

അധികാരികൾ ശ്രദ്ധിയ്ക്കേണ്ടത്: വ്യക്തമായ ഉന്നമുള്ള ഒരു മാനസികാരോഗ്യനയം ഉണ്ടായേ തീരൂ. ശാരീരികാരോഗ്യം പോലെത്തന്നെ പ്രാധാന്യമുള്ളതാണ് മാനസികാരോഗ്യമെന്ന് അവരുടെ കാര്യപരിപാടിയിലുണ്ടാവണം. അടുത്തിടെ രാജ്യസഭയിൽ അവതരിപ്പിയ്ക്കപ്പെട്ട മാനസികാരോഗ്യ പരിപാലന ബില്ലിൽ രണ്ട് കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്ന് ശാരീരികാരോഗ്യത്തിനും മാനസികാരോഗ്യത്തിനും തുല്യപരിഗണന. രണ്ട് ആത്മഹത്യാ ശ്രമം ക്രിമിനൽ കുറ്റമായി കണക്കാക്കാതിരിയ്ക്കൽ. സർക്കാരിന്റെ സാമ്പത്തികർഗത്തുള്ള മുടക്കുമുതൽ മാത്രം പോര. മാനസികാരോഗ്യ പരിരക്ഷാരംഗത്തെ പ്രവർത്തന വിഭവശേഷിയെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ചപ്പാട് തന്നെയുണ്ടാവണം. സാമൂഹ്യപ്രവർത്തകർ, അദ്ധ്യാപകർ, ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവക്കൊക്കെ മാനസികാരോഗ്യത്തെയും ആത്മഹത്യ തടയുന്നതിനേയും കുറിച്ചുള്ള പാഠവാധിഷ്ഠിത ഓൺ-ലൈൻ പരിശീലനം നല്കണം. എന്തുകൊണ്ട് നമുക്ക് ആഴ്ചയിൽ ഏഴുദിവസവും പ്രവർത്തിയ്ക്കുന്ന പരിശീലനം ലഭിച്ച മാനസികാരോഗ്യ വിദഗ്ദ്ധരുടെ സേവനംലഭ്യമാകുന്ന ആത്മഹത്യ തടയുന്നതിനുള്ള ഹോട്ട് – ലൈൻ രാജ്യവ്യാപകമായി ലഭ്യമാക്കിക്കൂടാ? ഓർക്കുക; ഓരോ ജീവനും അമൂല്യമാണ്.

*(സംഗ്രഹിച്ചത് : **കെ.എ. ഇന്ദിര**)*

●

● ചെറുകഥ

# കഥ തുടരുമ്പോൾ

**നിത്യ ലോചനൻ**
(നാലാം വർഷ ബി.എസ്.സി നഴ്സിങ്ങ് വിദ്യാർത്ഥിനി
ഗവ. കോളേജ് ഓഫ് നഴ്സിങ്ങ് - തൃശ്ശൂർ)

ഒരു മഴ പെയ്തു തോർന്നിരിക്കുന്നു. മഴ പെയ്തശേഷം ഉള്ള അന്തരീക്ഷം എന്നും എന്നെ മോഹിപ്പിക്കുന്നതാണ്. മനോ വാതിലിലൂടെ പുറത്തേക്ക് നോക്കുമ്പോൾ ഓർമ്മകളുടെ ഒരു വേലിയേറ്റം.

എന്റെ ജീവിതം അതെന്നും ഒരു സിനിമാകഥ പോലെ പല സന്ദർഭങ്ങൾ നിറഞ്ഞതായിരുന്നു. അച്ഛനും അമ്മയും ഞാനും അനിയനും അടങ്ങിയതായിരുന്നു ഞങ്ങളുടെ കുടുംബം. വളരെ സന്തുഷ്ടമായ ഒരു കുടുംബം. എന്നാൽ ജീവിതത്തിൽ മാറ്റങ്ങൾ സംഭവിച്ചത് പെട്ടെന്നാണ്. എന്റെ ബർത്ത്ഡേയ്ക്ക് കേക്ക് വാങ്ങാൻ പോയതായിരുന്നു അച്ഛൻ. ഒരു ബസ്സിടിച്ച് മരിച്ചു. അന്ന് എനിക്ക് 8 വയസ്സ്. ഉണ്ണിയ്ക്ക് 6 വയസ്സും. അവിടെ നിന്ന് തുടങ്ങിയതാണ് എന്റെ ജീവിതത്തിലെ മാറ്റങ്ങൾ. സാമ്പത്തികമായി അത്ര കാര്യമായി ഒന്നും ഞങ്ങൾക്കില്ലായിരുന്നു. അമ്മയ്ക്ക് തയ്യൽ അറിയാമായിരുന്നു. അതിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് അമ്മ ഞങ്ങളെ പഠിപ്പിച്ചു. ഞങ്ങളിരുവരും പഠിക്കാൻ അത്ര മോശമായിരുന്നില്ല. വലിയ പ്രതീക്ഷയായിരുന്നു അമ്മയ്ക്ക് ഞങ്ങളിൽ. ഞങ്ങളുടെ ഈ കഷ്ടപ്പാടുകൾ എന്നെങ്കിലും മാറും എന്ന് അമ്മയ്ക്ക് ഉറപ്പുണ്ടായിരുന്നു.

നാളുകൾ കഴിഞ്ഞു. ഞാൻ ഡിഗ്രിക്കു പഠിക്കുകയാണ്. ഉണ്ണി പ്ളസ്ടു പരീക്ഷ കഴിഞ്ഞ് പത്രം വില്പന പോലുള്ള ചെറിയ ജോലിക്ക് പോകുന്നു. നല്ല റിസൾട്ട് ഉണ്ടാകുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. അവനെ ഒരു പ്രൊഫഷണൽ കോഴ്സിന് വിടാനായിരുന്നു ഞങ്ങളുടെ ആഗ്രഹം. ആ അവധിക്കാലത്ത് വീണ്ടും ഒരു ദുർഗതി ഞങ്ങളുടെ ജീവിതത്തിൽ കടന്നുവന്നു. രാവിലെ ഉണർന്ന് പത്രം ഇടാനായി ഇറങ്ങിയ ഉണ്ണിയുടെ കാലുകൾ വേച്ചു വേച്ചു പോകുന്നതുപോലെ. അവൻ അമ്മേ എന്ന് വിളിച്ച് വീടിനുമുമ്പിൽ വീണു. പിന്നെ കയറിയിറങ്ങാത്ത ആശുപത്രികളില്ല. അച്ഛൻ മരിച്ചതുവഴി കിട്ടിയ തുകയെല്ലാം അങ്ങനെ ചെലവായി. ആർക്കും രോഗം എന്താണെന്ന് കണ്ടെത്താനായില്ല. അവന്റെ രണ്ട് കാലിന്റേയും ചലനശേഷി നഷ്ടപ്പെട്ടു. കാരണമോ പരിഹാരമോ അറിയില്ല. അവനുമായി ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് പോന്നു. ഒന്നും മിണ്ടാതെ ഒരു

വീൽചെയറിൽ ദിവസങ്ങളോളം ഇരുന്ന ഉണ്ണിയുടെ മുഖം എനിക്കിപ്പോഴും ഓർമ്മയുണ്ട്. ഒരു ദിവസം രാവിലെ അവന്റെ മുറിയിൽ ചായ കൊടുക്കാനായി ചെന്ന ഞാൻ കണ്ടത് കഴുത്തിലെ ഞരമ്പ് മുറിച്ച് എന്റെ ഉണ്ണി കിടക്കുന്നതാണ്.

ഞങ്ങൾക്ക് അവനൊരു ഭാരമാകുമെന്ന് തോന്നിയിട്ടാണോ അതോ ഈ ജീവിതം കൊണ്ട് അർത്ഥമില്ലെന്ന് തോന്നിയിട്ടാണോ എന്നറിയില്ല അവനിത് ചെയ്തത്. എന്തായാലും എന്റെ ഉണ്ണി പോയി. ഞങ്ങളുടെ പ്രതീക്ഷകൾ വീണ്ടും തകർന്നു.

കുറച്ച് നാളുകൾക്ക്ശേഷം, എനിക്ക് ഒരു നല്ല കല്യാണ ആലോചന വന്നു. സാമ്പത്തികമായി നല്ല ഉയർന്ന കുടുംബം. അവർ ഞങ്ങളോട് പൊന്നോ പണമോ ഒന്നും സ്ത്രീധനമായി ആവശ്യപ്പെട്ടില്ല. അവർക്ക് വേണ്ടത് ആ വീട്ടിലേക്ക് ഒരു നല്ല മകളെ, ഭാര്യയെ, ഏടത്തിയെ ആയിരുന്നു. അങ്ങനെ എന്റെയും ഒരു സ്വകാര്യ ബാങ്കിൽ ഉദ്യോഗസ്ഥനായിരുന്ന ദേവന്റെയും വിവാഹം കഴിഞ്ഞു.

കല്യാണം കഴിഞ്ഞ് 3-4 മാസമായി കാണും. വിധി വീണ്ടും ഒരു വില്ലനെപ്പോലെ ഞങ്ങൾക്കിടയിൽ വന്നു. കുറച്ച് നാളായി വല്ലാത്ത വയറുവേദനയും ഛർദ്ദിയും. ആശുപത്രിയിൽ പോയി പല ടെസ്റ്റുകളും ചെയ്തു. രോഗനിർണ്ണയത്തിനായി ഓരോ നിമിഷവും വൈകുന്തോറും ഞങ്ങളുടെ നെഞ്ചിൽ തീയായിരുന്നു. ഏകദേശം ഒന്നുരണ്ടാഴ്ച കഴിഞ്ഞപ്പോൾ രോഗം കണ്ടുപിടിച്ചു. ഡോക്ടർ ആദ്യം ദേവേട്ടനെ റൂമിലേക്ക് വിളിപ്പിച്ചു. കാര്യം പറഞ്ഞു. എന്നിട്ട് അവരിരുവരും എന്റെ അടുക്കലേക്ക് വന്നു. കരഞ്ഞ് കലങ്ങിയ മുഖവുമായി വന്ന ദേവേട്ടന്റേ മുഖം ഇപ്പോഴും എന്റെ മനസിലുണ്ട്. ഡോക്ടർ എന്നോട് പറഞ്ഞു. എന്റെ വയറ്റിൽ കാൻസർ പോലൊരു മുഴ കാണുന്നുണ്ട്. അത് എത്രയും പെട്ടെന്ന് എടുത്ത് മാറ്റണം. ചികിത്സ ഉടനെ ആരംഭിക്കണം. ഡോക്ടർ പറഞ്ഞ ഓരോ വാചകവും ഒരു ഇടി മിന്നൽ പോലെയാണ് എന്നിൽ തറച്ചത്. ആദ്യം ഞാൻ വിശ്വസിച്ചില്ല. റിസൾട്ട് തെറ്റിയതായിരിക്കും എന്ന് പറഞ്ഞ് നോക്കി. പക്ഷേ ആ വിധി നിർണയത്തിൽ മാറ്റമൊന്നും വന്നില്ല.

ദൈവം എന്നോടു മാത്രം എന്തിനിത്ര ക്രൂരത കാട്ടുന്നു എന്ന് ആലോചിച്ച് പോയി. മനസ് മരവിച്ച പോലെ ആയി. ദേവേട്ടന്റെ കരുതലും പരിചരണവും എനിക്ക് ആശ്വാസം ഏകി. ഓപ്പറേഷൻ കഴിഞ്ഞു. അടുത്തതായി കീമോ ചെയ്യണം എന്ന് പറഞ്ഞു. കീമോ മരുന്നുകൾ കാൻസർ കോശങ്ങളോട് മാത്രമല്ല, എന്റെ ശരീരത്തോട് മുഴുവൻ ഒരു ശത്രുവിനെപോലെ പെരുമാറി. എന്റെ രൂപം വികൃതമായതുപോലെ. മുടി കൊഴിഞ്ഞു. എല്ലും തോലും ആയി ഞാൻ ശോഷിച്ചു. കണ്ണാടി നോക്കാൻ ഞാൻ ഭയപ്പെട്ടു. ഭക്ഷണം കഴിക്കണമെന്നുണ്ട്. പക്ഷേ മണ്ണ് കഴിക്കുന്നതുപോലെ. അറിയാവുന്ന ഭക്ഷണത്തിനുപോലും രുചിയില്ല.

ദേവേട്ടനോട് പോലും ദേഷ്യപ്പെട്ടു. ഒരിക്കൽ ഞാൻ പറഞ്ഞു. എന്നെ ഉപേക്ഷിച്ച് എങ്ങോട്ടെങ്കിലും പൊയ്ക്കൊള്ളാൻ. എന്തിനിത്ര സഹിക്കണം. വെറും ചുരുങ്ങിയ കാലത്തെ ബന്ധം മാത്രം. എല്ലാം എളുപ്പം മറക്കാൻ കഴിയും. ദേവേട്ടന് നല്ല ഒരു പെൺകുട്ടിയെ കിട്ടും. ദേവേട്ടൻ എനിക്ക് മറുപടി തന്നതേയില്ല. ചിലപ്പോൾ ഞാൻ മനപൂർവ്വം അദ്ദേഹവുമായി വഴക്കിട്ടു. പക്ഷേ എന്റെ എല്ലാവാശികളും അദ്ദേഹം കണ്ടില്ലെന്ന് നടിച്ചു. എന്നെ ഒരു മകളെ പോലെ നോക്കി.

അടുത്ത തവണ ഡോക്ടറെ കാണാൻ പോയപ്പോൾ ഞാൻ അല്പം സന്തോഷത്തിലായിരുന്നു. കാരണം ഡോക്ടർ പറഞ്ഞ അത്ര കീമോ മുഴുവനായി. പക്ഷേ എന്നെ കാത്തിരുന്നത് മറ്റൊരു വാർത്തയായിരുന്നു. കീമോ കുറച്ച് കൂടി ചെയ്യേണ്ടി വരും . എന്റെ ഗർഭപാത്രത്തിലേക്ക് കൂടി കാൻസർ വ്യാപിച്ചിട്ടുള്ളതുപോലെ. ഞാൻ ആകെ തകർന്നുപോയി. എന്റെ അമ്മയുടെ പ്രായമുള്ള ആ ഡോക്ടറോട് ഞാൻ പറഞ്ഞു. എടുത്ത് കളഞ്ഞേക്കൂ ഡോക്ടർ എന്റെ ഗർഭപാത്രം കൂടി. എന്നിട്ട് പെട്ടെന്ന് മരിക്കാനുള്ള വല്ല മരുന്ന് കൂടി എനിക്ക് തരൂ. ഡോക്ടർ ഒന്നും മിണ്ടിയില്ല. അവർ എന്നെയും കൂട്ടി അല്പം നടന്നു. എന്നിട്ട് ഒരു മുറിയിൽ ചെന്നു. അവിടെ ഏകദേശം 2 വയസ്സുള്ള കുട്ടിയും അവളുടെ അമ്മയും. ഡോക്ടറെ കണ്ടതും ആ അമ്മ പറഞ്ഞു ഡോകടർ ഇന്ന് മോൾ ഒരു തവണ ചിരിച്ചു. എന്നെ കാണിച്ചിരുന്നത് കാൻസർ രോഗികൾക്കു മാത്രമുള്ള ഒരു സ്പെഷ്യൽ ഹോസ്പിറ്റലിലായിരുന്നു. അതുകൊണ്ട് തന്നെ അവിടെയുള്ള രോഗികളെല്ലാം അത്തരം പേഷ്യന്റ്സ് ആണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ ഇത്ര ചെറുപ്പത്തിൽ കാൻസർ! എനിക്ക് ആ അമ്മയുടെ മുഖം കണ്ടുനില്ക്കാനായില്ല. ആ മുറിയിൽ നിന്നിറങ്ങിയ ശേഷം ഡോക്ടർ എന്നോട് പറഞ്ഞു. അവൾ ആത്മിക. 2 വയസ്സ്. അവളുടെ ഈ ജന്മദിനത്തിൽ തന്നെയാണ് അവളുടെ ഓപ്പറേഷൻ നിശ്ചയിച്ചിരിക്കുന്നത്.

ഡോക്ടർ എന്നെയും കൂട്ടി മറ്റൊരു മുറിയിൽ പോയി. അവിടെ ഏകദേശം പതിനാല് വയസ് തോന്നിക്കുന്ന പെൺകുട്ടി: സൂര്യ. ഞങ്ങളെ കണ്ടതും അവൾ എണീറ്റിരിക്കാൻ ശ്രമിച്ചു. എന്നീട്ട് ഡോക്ടറുമായി കുറെ കലപിലാന്ന് സംസാരിച്ചു. കുറച്ച് കഴിഞ്ഞ് എന്നെ നോക്കി ചോദിച്ചു. ഈ ചേച്ചിക്കും എന്നെ പോലെ കാൻസറാണോ ഡോക്ടർ ആന്റി. ഡോക്ടർ അതെ എന്ന് മൂളി. അവളെന്നോട് പറഞ്ഞു. പേടിക്കണ്ട ചേച്ചി. ഈ ഡോക്ടർ ആന്റി നല്ലതാ.

നമ്മുടെ അസുഖം ഒക്കെ മാറ്റും. എന്നിട്ട് എനിക്ക് പഠിച്ച് ഇതുപോലൊരു ഡോക്ടറാകണം. അവളുടെ ആ വാക്കുകൾ വല്ലാത്ത ഒരു ധൈര്യം ആണെനിക്ക് തന്നത്. 14 വയസ്സുള്ള ആ കുട്ടിയുടെ പ്രതീക്ഷകൾ, ആത്മധൈര്യം. ഇതെല്ലാം എന്നിലേക്കും കിട്ടുന്ന പോലെ തോന്നി. ഡോക്ടർ എന്തിന് എന്നേയും കൊണ്ട് അവിടെ ചെന്നു എന്ന് എനിക്ക് മനസ്സിലായി.

ഞാൻ വീണ്ടും കീമോ ചെയ്തു. ദേവേട്ടനോട് വഴക്കടിച്ചില്ല. യോഗ, മെഡിറ്റേഷൻ ഒക്കെ ചെയ്തു. മനസിന് ഒരു പ്രത്യേക ധൈര്യം കൊണ്ടുവരാൻ നോക്കി. പുസ്തകങ്ങൾ വായിച്ചു. എങ്ങനെ കാൻസറിനെ ധൈര്യപൂർവ്വം നേരിടാമെന്ന് മനസിലാക്കി. ദേവേട്ടന്റെയും വീട്ടുകാരുടെയും പിന്തുണ, സ്നേഹം, കൂടാതെ സൂര്യ തന്ന ധൈര്യം ഇതാണ് എന്നെ കാൻസറിനെ തോല്പിക്കാൻ സഹായിച്ചത്.

ഇന്ന് വർഷം 7 കഴിഞ്ഞിരിക്കുന്നു. ഈ ജാലകത്തിന് വെളിയിലെ കാഴ്ചകൾ കണ്ടുകൊണ്ട് എന്റെ മടിയിൽ ഒരാൾ കൂടിയുണ്ട്. ഞങ്ങളുടെ മകൾ. എന്റെ ജീവിതം ഇപ്പോൾ സുന്ദരമാണ്. അടുത്തുള്ള പെയിൻ & പാലിയേറ്റീവ് സെന്ററിൽ വളണ്ടിയറായി ഞാനിന്ന് സേവനവും ചെയ്യുന്നുണ്ട്. ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ ഞാനിന്ന് പ്രാപ്തയാണ്.

കാൻസർ ഒരിക്കലും ഒരു ജീവിതത്തിന്റെയും അവസാനവാക്കല്ല എന്ന് ഞാനിന്ന് തിരിച്ചറിയുന്നു. ആത്മധൈര്യം ഉണ്ടെങ്കിൽ നമുക്ക് തിരിച്ച് പിടിക്കാം നമ്മുടെ ജീവിതത്തെ.

(ഈ കഥയിലെ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും തികച്ചും സാങ്കല്പികം മാത്രമാണ്)

---

# സാന്ത്വന ചികിത്സയും ലൈംഗികതയും



മനുഷ്യജീവിതത്തിന്റെ രോഗാവസ്ഥയിലും അരോഗാവസ്ഥയിലും പ്രാധാന്യമർഹിക്കുന്ന ഒരു അവശ്യഘടകമാണ് ലൈംഗികത. നമ്മൾ തുറന്ന് പറയാൻ മടിക്കുന്ന ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന ഒരു മേഖലയാണ് ഇത്.

പലപ്പോഴും കാൻസർ പോലുള്ള രോഗങ്ങൾ ഉള്ളവർ പക്ഷാഘാതം മൂലം ഭാഗികമായി ശരീരം തളർന്നവരും തങ്ങളുടെയുള്ളിൽ പൂർത്തീകരിക്കാനാവാത്ത മോഹങ്ങളും വികാരങ്ങളും വേറെ രീതിയിലാണ് പ്രകടിപ്പിക്കുക. ശുശ്രൂഷ ചെയ്യുന്ന പങ്കാളിയോട് അകാരണമായി കയർക്കുക, സ്നേഹത്തോടെയുള്ള പെരുമാറ്റം ഇല്ലാതാകുക, കുറ്റം കണ്ടുപിടിക്കുക, സംശയം പ്രകടിപ്പിക്കുക, ഭാര്യഭർത്താക്കന്മാർ തമ്മിൽ അകലുക എന്നിങ്ങനെ വിവിധ രൂപത്തിൽ ഈ അടിച്ചമർത്തപ്പെട്ട (പ്രകടിപ്പിക്കാൻ കഴിയാതെ പോയ) വികാരങ്ങൾ പുറത്ത് വരുന്നു.

ചർച്ചയിൽ പ്രധാനമായി ഉയർന്നു വന്ന ചോദ്യം സാന്ത്വനചികിത്സാരംഗത്ത് ഒരു രോഗിയുടെയും ശുശ്രൂഷിക്കുന്ന പങ്കാളിയുടെയും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഒരു സന്നദ്ധപ്രവർത്തകന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? സന്നദ്ധപ്രവർത്തകർ ഇത്തരം കാര്യങ്ങൾ എങ്ങനെ ഗ്രഹിക്കും, എങ്ങിനെ പ്രതികരിക്കും.

രോഗത്തിന്റെ തീവ്രതയിലും, കഠിനമായ വേദനയുടെ അവസ്ഥയിലും ഈ കാര്യങ്ങൾക്ക് പ്രസക്തിയില്ല. എന്നാൽ ആശ്വാസകരമായ രോഗാവസ്ഥയുള്ള രോഗികളിലും പങ്കാളികളിലും ഇത് വലിയ ഒരു പ്രശ്നമായി കടന്നുവരാം. പലപ്പോഴും അവരുടെ പെരുമാറ്റത്തിൽ നിന്നും സംസാരത്തിൽ നിന്നും ഇതിന്റെ സൂചന ലഭിക്കുവാൻ സാധിക്കാറുണ്ടെന്ന് ചർച്ചയിൽ പങ്കെടുത്ത ചില സന്നദ്ധപ്രവർത്തകർ പറഞ്ഞു. ഹോംകെയർ കൂട്ടമായി പോകുമ്പോഴൊന്നും ഈ കാര്യങ്ങൾ തുറന്നുപറയുവാൻ സാധിച്ചെന്നുവരില്ല. എന്നാൽ നിരന്തരമായി രോഗിയേയും പങ്കാളിയെയും കാണുന്ന ഒരു സന്നദ്ധപ്രവർത്തകൻ, വിശ്വാസം നേടിയിട്ടുള്ള ആളാണെങ്കിൽ രോഗിയോ പങ്കാളിയോ ഈ വിഷയം അവതരിപ്പിച്ചേക്കാം. സാധാരണ പങ്കാളിയാണ് പ്രശ്നങ്ങൾ തുറന്ന് പറയുക. ഇത്തരം സന്ദർഭങ്ങളിൽ തനിക്കതിനുള്ള സ്വാതന്ത്ര്യവും ഉത്തരവാദിത്തവും ഉണ്ടെന്ന് തോന്നുന്ന ഒരു സന്നദ്ധപ്രവർത്തകന് രോഗിയും പങ്കാളിയുമായി ചർച്ച ചെയ്യുന്നതിൽ തെറ്റില്ല.

നിർദോഷമായ ചോദ്യങ്ങൾ ചോദിച്ചും അവർക്കു പറയാനുള്ളത് ക്ഷമാപൂർവ്വം ശ്രദ്ധിച്ചു കേട്ടും ആശ്വാസം പകരാനും പങ്കാളികൾ തമ്മിലുള്ള അസ്വാരസ്യം തീർക്കുവാനും സാധിച്ചിട്ടുള്ള അനുഭവങ്ങൾ ചിലർ പങ്കുവച്ചു.

ലൈംഗികത എന്നാൽ വെറും ശാരീരിക ബന്ധമല്ല എന്നും തന്റെ പങ്കാളിയുടെ സാമീപ്യം, സ്പർശം, തലോടൽ, സ്നേഹം നിറഞ്ഞ സംസാരം എന്നിവയിൽ നിന്നെല്ലാം സാന്ത്വനം ലഭിക്കുമെന്നും പറഞ്ഞുമനസ്സിലാക്കുവാൻ സാധിക്കും. ഇതില്ലാത്ത പെരുമാറ്റം പലപ്പോഴും ഉൽക്കണ്ഠ, ഭയം എന്നിവ ജനിപ്പിക്കുന്നു. ഇത്തരം അവസ്ഥകളിൽ രോഗിയും പങ്കാളിയും സ്വയം ചിന്തിച്ചെന്ന് വരില്ല. അവരുടെ ഇടയിൽ ഒരു അഭ്യുദയകാംക്ഷി എന്ന നിലയിൽ ഒരു സന്നദ്ധപ്രവർത്തകന് പ്രശ്നങ്ങൾ തുറന്ന് പറയാനുള്ള അവസരവും പരസ്പരം മനസ്സിലാക്കി അവരെ അടുപ്പിച്ചെടുക്കുവാനുള്ള സാഹചര്യവും സൃഷ്ടിച്ചെടുക്കാം.

കുടുംബത്തിൽ രോഗിക്കും പങ്കാളിക്കും സ്വകാര്യത നഷ്ടപ്പെടുന്ന ഒരു സാഹചര്യം പലപ്പോഴും ശ്രദ്ധയിൽ പെടാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അതിനുള്ള ചുറ്റുപാട് സൃഷ്ടിച്ചെടുക്കാനുള്ള ഉപദേശവും സന്നദ്ധപ്രവർത്തകന് നല്കാം. രോഗിയുടെ ആരോഗ്യത്തിനെ ബാധിക്കുമോ, അസുഖം പകരുമോ എന്നൊക്കെയുള്ള ഭയം ആണ് അകൽച്ചയ്ക്ക് കാരണമെങ്കിൽ ഡോക്ടറുടെ അഭിപ്രായം തേടാം. എങ്ങിനെ പ്രശ്നം പരിഹരിക്കണം എന്ന് സംശയം വരികയാണെങ്കിൽ ഒരു കൗൺസിലിംഗ് വിദഗ്ദ്ധന്റെ ഉപദേശം തേടുകയും ചെയ്യാം.

ഓരോ പ്രായത്തിലും ഓരോ അവസ്ഥയിലും ലൈംഗികതയ്ക്ക് വിവിധമായ അർത്ഥമാണ്. നമ്മുടെ സമൂഹം ഇത്തരത്തിലുള്ള കാര്യങ്ങൾ മൂടിവയ്ക്കണം എന്നും ചർച്ച ചെയ്യുന്നത് തെറ്റാണെന്നും വിശ്വസിക്കുന്നു. പക്ഷേ സാന്ത്വന ചികിത്സകൊണ്ട് രോഗിയുടെയും പരിചരിക്കുന്നവരുടെയും സമഗ്രമായ സാന്ത്വനം ആണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ട് എന്ന അഭിപ്രായത്തിൽ ചർച്ച പിരിഞ്ഞു.

*(03.03.2014 ന് നടത്തിയ പ്രതിമാസചർച്ചയുടെ സംഗ്രഹം -ജ്യോതി വാരിയർ)*

●

# വിവാഹ ഫോട്ടോകൾ

തമ്പി കൊള്ളന്നൂർ

**തി**ങ്കളാഴ്ച തോറുമുള്ള കിഡ്നി വേരിഫിക്കേഷൻ ചുമതലയിലായിരുന്നു, ഞങ്ങൾ രണ്ടുപേരും. അക്കൂട്ടത്തിൽ കയറി ചെന്നതായിരുന്നു, അത്രയൊന്നും വലിപ്പമില്ലാത്ത ആ ഓട് മേഞ്ഞ വീട്ടിൽ. പെട്ടെന്ന് ശ്രദ്ധയിൽ പെട്ടത്, ചുമരിലിരിക്കുന്ന ഒരു ജോടി വിവാഹഫോട്ടോകളാണ് - ഒട്ടും പഴക്കം തോന്നിക്കാത്ത വൃത്തിയുള്ള രണ്ട് ഫോട്ടോകൾ! 60 വയസ്സോടടുത്ത ഒരു സ്ത്രീയായിരുന്നു, സംസാരിക്കാനായി വന്നത്. ഞങ്ങൾ അന്വേഷിച്ചുവന്ന കിഡ്നിക്ക് അസുഖമുള്ളയാൾ അവരുടെ ഇളയമകൻ രവിയാണെന്നും അവന്റെ കല്ല്യാണഫോട്ടോയാണ് ഇടതുഭാഗത്തിരിക്കുന്നതെന്നും അവർ പറഞ്ഞു. സ്വാഭാവികമായും ഞങ്ങൾ ചോദിച്ചു. അപ്പോ, മറ്റെ കല്ല്യാണഫോട്ടൊ ആരുടെയാ? ആ ചോദ്യത്തിനുത്തരമായി അവർ പറഞ്ഞ അനുഭവങ്ങളുടെ കഥയാണ് ഞങ്ങളെ ആകർഷിച്ചത്.

ഹൃദയത്തിന്റെ വാൽവിന് പ്രശ്നമുള്ള ഭർത്താവ്, ജോലി ചെയ്യാൻ പോകാതായപ്പോൾ രണ്ട് ആൺകുട്ടികളെയും കൂലിവേല ചെയ്താണ് അമ്മ വളർത്തിയത്. സ്കൂൾ വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങി ആവശ്യങ്ങൾ വളരെയായിരുന്നു. കുടിയിരിപ്പിനോട് ചേർന്ന പതിനഞ്ച് സെന്റ് സ്ഥലത്ത് ചെയ്യാവുന്നത്ര കൃഷികൾ ചെയ്ത് വരുമാനം ഉണ്ടാക്കിയിരുന്നു. പത്താംക്ളാസ്സിൽ തോറ്റതോടുകൂടി മൂത്തവൻ പഠനം നിർത്തുകയും വീടിന്റെ അടുത്തുള്ള ഒരു മോട്ടോർ വർക്ക്ഷോപ്പിൽ ജോലി സമ്പാദിക്കുകയും ചെയ്തു. രണ്ട് കൊല്ലം കഴിഞ്ഞപ്പോൾ അനുജനും അതേവഴിയിൽ കൂടെതന്നെ അവരുടെ ആവശ്യങ്ങൾക്കുള്ള വരുമാനം കണ്ടെത്തി നാലഞ്ച് വർഷങ്ങൾ അങ്ങനെ അല്ലലില്ലാതെ കടന്നുപോയി.

അപ്പോഴാണ് ഇളയമകന് ഓരോരോ അസുഖങ്ങൾ കണ്ടുതുടങ്ങിയത്. രോഗകാരണം കൃത്യമായി അറിയുമ്പോഴെക്കും സമയവും പണവും കുറെ ഊർന്നുപോയിരുന്നു. മകന്റെ കിഡ്നിക്കാണ് രോഗം എന്ന് ഞെട്ടലോടെ കേൾക്കേണ്ടി വന്നു. രോഗത്തിന്റെ ഫലമായുണ്ടാകാവുന്ന ദുരന്തങ്ങളെക്കുറിച്ച് മറ്റുള്ളവരിൽ നിന്ന് കേട്ടറിഞ്ഞ അമ്മ തകർന്നുപോയി. ഈശ്വരൻ എന്റെ മകനോടിത് ചെയ്തുവല്ലോ എന്ന വിലാപം മകൻ കാണാതെ അമ്മ സ്വയം ഉള്ളിലൊതുക്കി. തന്റെ വൃക്കയിലൊന്ന് ദാനം ചെയ്യാൻ തയ്യാറായെങ്കിലും

മകന്റെ ശരീരത്തിന് അത് സ്വീകാര്യമല്ല എന്നറിഞ്ഞ് അവർ നിയന്ത്രണം വിട്ട് കരഞ്ഞുപോയി.

ഇതിനിടയിൽ തന്റെ കിഡ്നി അനുജന്റെ ശരീരത്തിന് യോജിച്ചതാണെന്ന് ജ്യേഷ്ഠൻ അമ്മ അറിയാതെ ഉറപ്പാക്കി. തനിക്ക് ചെയ്യാൻ കഴിയാതിരുന്നത് തന്റെ മൂത്തമകൻ ചെയ്യാൻ തയ്യാറായപ്പോൾ അമ്മയ്ക്ക് അത് സമ്മതിക്കയേ വഴിയുണ്ടായുള്ളൂ. മൂത്തമകനെ കെട്ടിപ്പിടിച്ച് കരഞ്ഞ ആ അമ്മയുടെ മനസ്സിലെ വികാരങ്ങൾ ഈശ്വരന്മാർ മാത്രം കണ്ടു. ന്റെ മോനെ ഭഗവാൻ കാക്കും! അവന്റെ മൂർദ്ധാവിൽ അവർ കൈവച്ചനുഗ്രഹിച്ച് ആ വലിയ മനസ്സിന്റെ നന്മ തൊട്ടറിഞ്ഞു.

ഒടുവിൽ ഒരുപറ്റം സുമനസ്സുകളുടെ സഹായത്തിന്റെയും പ്രാർത്ഥനകളുടേയും നടുവിൽ ആ അമ്മ ആ രംഗത്തിന് സാക്ഷിയായി. രണ്ട് മക്കളും ഒരേ സമയം ഒരേ ആശുപത്രിയിൽ! ഒരാൾ മറ്റയാൾക്ക് തന്റെ ശരീരത്തിന്റെ ഭാഗം ദാനം ചെയ്ത് ജീവൻ കൊടുക്കുന്നു.! സകല ഈശ്വരന്മാരുടെയും കരളലിയിക്കുവാൻ ശക്തിയുള്ള പ്രാർത്ഥന അമ്മയുടെ ഹൃദയത്തിൽ നിന്ന് പുറത്തേയ്ക്ക് വന്നു. ആ പ്രാർത്ഥനയ്ക്ക് കണ്ണീരിന്റെ വല്ലാത്ത നനവുണ്ടായിരുന്നു.

ശസ്ത്രക്രിയയും അതിനുശേഷമുള്ള പരിചരണങ്ങളും ഈശ്വരാനുഗ്രഹത്താൽ ഭംഗിയായി പൂർത്തിയായി. രണ്ടുമക്കളേയും ചേർത്ത് പിടിച്ച് അമ്മ ആനന്ദാശ്രുക്കൾ പൊഴിച്ചു.

വർഷങ്ങൾ മൂന്ന് കഴിഞ്ഞു. ഒരു ദിവസം ഇളയമകൻ സഞ്ചരിച്ചിരുന്ന ഓട്ടോയിൽ ഒരു കാർ വന്നിടിച്ചു. കയ്യിലെ എല്ലുപൊട്ടി. എങ്കിലും ഒന്നുരണ്ട് മാസം കൊണ്ട് എല്ലാം ശരിയായി. വൃക്കമാറ്റം നടത്തിയ ആശുപത്രിക്കാരുടെ പരിചരണവും ധാരാളം ലഭിച്ചു. പക്ഷേ, ഇത്തരം അപകടങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ അവർ താക്കീത് കൊടുത്തിരുന്നു.

എന്നിട്ടും വിധി വീണ്ടും മറ്റൊരു അപകടത്തിന്റെ രൂപത്തിൽ വന്നെത്തി. ഇത്തവണ റോഡിന്റെ വശത്തുകൂടി നടക്കുമ്പോൾ ലോറി ഇടിക്കുകയായിരുന്നു.

ഉദ്വേഗം നിറഞ്ഞ ആഴ്ചകളും മാസങ്ങളും കടന്നുപോയി. ദൈവം വീണ്ടും ആയുസ്സ് നീട്ടികൊടുത്തു. മരുന്നുകൾ തുടർന്ന് കൊണ്ടിരുന്നു.

ചേട്ടന്റെ ദിവസങ്ങൾക്ക് കൂടുതൽ നീളം വരികയായിരുന്നു. എല്ലാ ചെലവുകൾക്കും പണം കണ്ടെത്തേണ്ട ചുമതല അയാൾക്കായിരുന്നു. അത് അയാളെ കൂടുതൽ കർമ്മ നിരതനാക്കി.

എന്റെ മോനൊരു ജീവിതം ഇല്ലാതായല്ലൊ, ഈശ്വരാ! ആ അമ്മയുടെ മനസ്സ് മൂത്തമകനെ ഓർത്ത് വിലപിച്ചു. അവനൊരു കുടുംബം ഉണ്ടായിക്കാണാൻ ആ മാതാപിതാക്കളും ആഗ്രഹിച്ചു. പക്ഷെ ഒരു വൃക്ക മാത്രമുള്ളവന് പെണ്ണ് കിട്ടാൻ എളുപ്പമല്ലായിരുന്നു. ആ അമ്മയുടെ പ്രാർത്ഥന അവിടെയും വിജയിച്ചു. ഒരു പെൺകുട്ടിയുടെ വീട്ടുകാർ സധൈര്യം മുന്നോട്ടു വന്നപ്പോൾ ആ മാതാപിതാക്കളുടെ കണ്ണ് നിറഞ്ഞു.

അപ്പോഴും മറ്റൊരു ചോദ്യം ആ അമ്മയുടെ മനസ്സിൽ പൊങ്ങിവന്നു. അങ്ങിനെയെങ്കിൽ ചേട്ടന്റെ വൃക്കയുമായി ജീവിക്കാൻ വിധിക്കപ്പെട്ട ഇളയവന് പെൺകുട്ടിയെ കിട്ടുമോ?

ആ പ്രാർത്ഥനക്കും നല്ല മറുപടി കിട്ടി. ജ്യേഷ്ഠനു കണ്ടുവെച്ച പെൺകുട്ടിയുടെ അനുജത്തിയാണ് ഇത്തവണ മുന്നോട്ട് വന്നത്.

രണ്ടാഴ്ച മുൻപ് ചേട്ടനും അനുജനും ചേടത്തിയെയും അനുജത്തിയെയും താലികെട്ടി കൊണ്ടുവന്നു.

അമ്മയുടെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു. ചുമരിലെ രണ്ട് ഫോട്ടോകളിലേക്കും അവരുടെ കണ്ണുകൾ നീണ്ടുചെന്നു.

ഞങ്ങളുടെ കണ്ണുകളും ആ ഫോട്ടൊകളിലേക്ക് പിൻതുടർന്നു ചെന്നു – ആശ്വാസത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും പ്രതീകങ്ങളിലേക്ക്.

ഇറങ്ങിപ്പോരുന്നതിന് മുൻപ് അനുജന്റെ മാറ്റിവെക്കപ്പെട്ട കിഡ്നിയുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായതും ക്ളിനിക്കിൽ നിന്ന് കൊടുക്കാവുന്നതുമായ മരുന്നുകൾ തന്നിരിക്കുമെന്ന ഉറപ്പും ഞങ്ങൾ കൊടുത്തു.

*(ആശയം : ഫ്രാൻസിസ് പോൾ)*

Quarterly issue of PAIN AND PALLIATIVE CARE SOCIETY, THRISSUR
(Private circulation only)

# How to be a link of Palliative Movement.....

Since 1997, Palliative Care Society, Thrissur has been rendering service to our brethren suffering from cancer, renal problems, paraplegic disorders and geriatric diseases.... You can be a creative link to our activities to lessen the sufferings of fellow human beings, either by a compassionate look, smile, empathetic word, working as a volunteer or by a donation.... Your donation can be earmarked to honour a special occassion in your loved one's birthdays, anniversaries, to honour the memory of some one who was lost .... or as a monthly amount....

From

Address : ........................................................................
.................................................................................
.................................................................................

Rs. ...................................... (Rupees .......................................................... only)
by cash / cheque / DD No. ............................................. dated .............................
in favour of Pain and Palliative Care Soceity, Thrissur.

Please send to :

The Secretary
**Pain and Palliative Care Society**
Old District Hospital Building
Thrissur - 680 001

Donation to the Society are exempted from Income Tax under Section 80G.

Printed and Published by Pain and Palliative Care Society, Thrissur
Printed at iMAC Creations, Thrissur-680 001. Ph : 0487-2420784. Managing Editor : Secretary PPCS